# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 249.

**09/03/2015 ൽ മറുപടിയ്ക്ക്**

## പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച വിജിലൻസ് അന്വേഷണം

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.എം.ഹംസ
ശ്രീ.എ.എം.ആരിഫ്

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച ലോകായുക്ത നിർദ്ദേശ പ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പാറ്റൂർ കേസിൽ ലോകായുക്ത നിയമം സെക്ഷൻ 9(3) പ്രകാരമുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നൽകാൻ ശ്രീ.ജേക്കബ് തോമസ് ഐ.പി.എസിനെ ചുമതലപ്പെടുത്തുക യാണ് ലോകായുക്ത ചെയ്തത്. ലോകായുക്ത വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശംനൽകിയിട്ടില്ല. |
| (ബി) | വിജിലൻസ് എ.ഡി.ജി.പി. ലോകായുക്തയ്ക്ക് നൽകിയ റിപ്പോർട്ടിൽ, ഭൂമി ഇടപാടിൽ മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും പങ്ക് വ്യക്തമാക്കുന്നുണ്ടോ; | (ബി), (സി), (ഡി), (ഇ), (എഫ്) & (ജി) | WP(C)No.379/15 ലെ വിധിന്യായ പ്രകാരം പ്രിലിമിനറി എൻക്വയറി റിപ്പോർട്ടുകൾ അതിന്റെ ഫൈനൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നത് വരെ ലോകായുക്ത നിയമത്തിന്റെ പതിനേഴാം വകുപ്പ് പ്രകാരം രഹസ്യ സ്വഭാവത്തിലുള്ള ഡോക്യുമെന്റായി സൂക്ഷിക്കണമെന്ന് പറയുന്നുണ്ട്. അതിനാൽ ലോകായുക്തയ്ക്ക് ശ്രീ.ജേക്കബ് തോമസ് ഐ.പി.എസ്. നൽകിയ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. |
| (സി) | കേരള വാട്ടർ സപ്ലൈസ് & സ്വീവറേജ് നിയമത്തിന് വിരുദ്ധമായ നടപടികളിലൂടെ അഴിമതി വിരുദ്ധ നിയമപ്രകാരമുള്ള കുറ്റം ഉന്നത ഭരണ നേതൃത്വത്തിൽ നിന്നുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | ഉന്നത ഭരണ നേതൃത്വം പങ്കാളിയാണെന്ന് എ.ഡി.ജി.പി. സൂചിപ്പിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഫയലുകളിലെ ഖണ്ഡികകൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണോ; റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഫയലിലെ 57 മുതൽ 60 വരെയുള്ള ഖണ്ഡികകൾക്ക് താഴെ ഒപ്പിട്ടിരിക്കുന്നത് ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | | |
| (ഇ) | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റിയിട്ട് കൊടുക്കുവാനായി ഉത്തരവ് നൽകിയതാരാണ്; ഇതിനാധാരമായ റിപ്പോർട്ട് നിയമവിരുദ്ധമായി ഉണ്ടാക്കിയതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | | |
| (എഫ്) | പൈപ്പ് ലൈൻ പോയ പുറമ്പോക്ക് ഭൂമിയെ സംബന്ധിച്ച് കൃത്യത ഉണ്ടായിരിക്കെ, കയ്യേറ്റം ഒഴിപ്പിക്കാൻ ഉത്തരവ് നൽകാതെ, സെറ്റിൽ ചെയ്യാൻ മുഖ്യമന്ത്രി ഉത്തരവ് നൽകിയത് എന്തുകൊണ്ടായിരുന്നു; | | |
| (ജി) | പൈപ്പ് ലൈനിന്റെ സമ്പൂർണ്ണ അധികാരം വാട്ടർ അതോറിറ്റിക്കാണോ; എങ്കിൽ ജലവിഭവ വകുപ്പിനെ അവഗണിച്ചുകൊണ്ട് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയത് നിയമാനുസൃതമായിരുന്നുവോ; വിശദമാക്കാമോ; ഇത് സംബന്ധമായ വിജിലൻസ് എ.ഡി.ജി.പി. യുടെ കണ്ടെത്തൽ എന്തായിരുന്നു; പുറമ്പോക്കിലെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് നൽകിയ എൻ.ഒ.സി. കൾ റദ്ദാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**